## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1948 01.02.2018-ൽ മറുപടിക്ക്**

## ബി.ജെ.പി, വി.എച്ച്.പി. എന്നീ സംഘടനകൾ ഉൾപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വി.എച്ച്.പി. നേതാവ് പ്രവീൺ തോഗാഡിയ സംസ്ഥാനത്ത് വന്നതുമായി ബന്ധപ്പെട്ട തീവ്രഹിന്ദുത്വ സ്വഭാവമുള്ള എത്ര കേസുകൾ കോടതികൾ മുമ്പാകെയുണ്ട്; അവ ഏതെല്ലാം; | (എ) വി.എച്ച്.പി. നേതാവ് പ്രവീൺ തൊഗാഡിയ കാഞ്ഞങ്ങാട്ടുവച്ച് മത സ്പർദ്ധ ഉണ്ടാക്കുന്ന രീതിയിൽ പ്രസംഗിച്ചതിനെതിരെ ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നം.520/11 u/s 153(A) IPC ആയി ഒരു കേസ്സ് നിലവിലുണ്ട്. പ്രസ്തുത കേസ്സ് ബഹു. ഹോസ്ദുർഗ്ഗ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II ൽ വിചാരണയിലാണ്. |
| (ബി) സമാന സ്വഭാവമുള്ള എത്ര മതതീവ്രവാദകേസ്സുകൾ തീർപ്പിനു വേണ്ടി കോടതികൾ മുമ്പാകെ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) മത തീവ്രവാദ വിദ്വേഷം ഉണ്ടാകത്തക്ക വിധം പ്രസംഗിച്ചതിന് പി.ഡി.പി. നേതാവ് അബ്ദുൾ നാസ്സർ മദനിക്കെതിരെ പൂന്തുറ പി.എസ്. ക്രൈം നം.81/92, 1/93, 18/95 പ്രകാരം രജിസ്റ്റർ ചെയ്ത 3 കേസ്സുകൾ തീർപ്പിനുവേണ്ടി ബഹു. സ്പെഷ്യൽ കോടതി എറണാകുളം മുൻപാകെയുണ്ട്.<br><br>ഇസ്ലാം മതവികാരത്തെ വ്രണപ്പെടുത്തി എന്നാരോപിച്ച് ഒരു പ്രത്യേക മതവിഭാഗത്തിൽ പ്പെട്ടതെന്ന് സംശയിക്കപ്പെടുന്ന ഒരു കൂട്ടം ക്രിമിനലുകൾ തൊടുപുഴ ന്യൂമാൻസ് കോളേജിലെ പ്രൊഫസർ ആയിരുന്ന ശ്രീ.ടി.ജെ.ജോസഫിനെ ആക്രമിച്ച് അദ്ദേഹത്തിന്റെ |

വലതുകൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തിൽ മൂവാറ്റുപുഴ പി.എസ്. ക്രൈം 704/10 നമ്പർ കേസ്സ് 06.06.2011 -ൽ എൻ.ഐ.എ. യ്ക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത കേസ്സ് ബഹു. എൻ.ഐ.എ. സ്പെഷ്യൽ കോടതി മുൻപാകെ ഉള്ളതുമാണ്.

| | |
|---|---|
| (സി) ഇത്തരം കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനും കുറ്റക്കാർക്ക് വേണ്ടുന്ന ശിക്ഷ ഉറപ്പുവരുത്താനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (സി) ഇത്തരം കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ഡി) കഴിഞ്ഞ 5 വർഷകാലയളവിൽ ബി.ജെ.പി., വി.എച്ച്.പി. എന്നീ സംഘടനകൾ ഉൾപ്പെട്ട ക്രിമിനൽ കേസ്സുകൾ എത്രയെന്നും, എത്ര കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തി കേസ്സുകൾ കോടതികളിൽ എത്തിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ? | (ഡി) 2242 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 1966 കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തി കോടതികളിൽ എത്തിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**